# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1152** **08.02.2013 ൽ മറുപടിക്ക്**

**തിരുവനന്തപുരം റവന്യൂ ജില്ലാ കലോൽസവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | തിരുവനന്തപുരം റവന്യൂ ജില്ലാ കലോൽസവം റിപ്പോർട്ട് ചെയ്യാൻ വന്ന മാധ്യമ പ്രവർത്തകരെ ചില അദ്ധ്യാപകർ മർദ്ദിച്ച് പരുക്കേൽപിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കലോൽസവ വേദിയിൽ വിദ്യാർത്ഥികൾക്ക് വിളമ്പിയ ഭക്ഷണത്തിൽ പുഴുവിനെ കണ്ടകാര്യം റിപ്പോർട്ട് ചെയ്യാൻ ശ്രമിച്ചതാണ് മർദ്ദനത്തിന് ആധാരമായ കാര്യം എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ, അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ, എന്താണ് കണ്ടെത്തൽ; | (ബി) | പരിശോധിച്ചു. അന്വേഷണം നടത്തിയെങ്കിലും വാർത്തയിൽ പരാമർശിച്ച പ്രശ്നങ്ങളൊന്നും കണ്ടെത്താൻ സാധിച്ചില്ല. |
| (സി) | കലോൽസവത്തിൽ ഭക്ഷണം നൽകുന്നതിന് എത് ഏജൻസിയെ ആണ് ഏൽപ്പിച്ചിരുന്നത്; ഇവർക്ക് കാറ്ററിംഗിനുള്ള ലൈസൻസ് ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ, ലൈസൻസില്ലാത്ത കാറ്ററിംഗ് ഏജൻസിയെ ഭക്ഷണം നൽകുന്നതിനുള്ള ചുമതല ഏൽപ്പിച്ച അധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ; ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് അറിയിക്കുമോ? | (സി) | റവന്യൂ ജില്ലാ കലോൽസവത്തിൽ ഭക്ഷണ കമ്മിറ്റിയുടെ ചുമതല ജി.എസ്.ടി.യു എന്ന അദ്ധ്യാപക സംഘടനെയെ ആണ് ഏൽപിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ